പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 662 — 11.07.2014 ൽ മറുപടിക്ക്

## മത്സ്യബന്ധന തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി:<br>,, എ. കെ. ശശീന്ദ്രൻ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തിനുള്ള സബ്സിഡി മണ്ണെണ്ണവിഹിതം വെട്ടിക്കുറച്ചത് ലക്ഷക്കണക്കിന് മത്സ്യബന്ധന ത്തൊഴിലാളികളെ ദുരിതത്തിലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പൊതുവിതരണ സമ്പ്രദായം വഴി വിതരണം ചെയ്യുവാനായി കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സബ്സിഡി മണ്ണെണ്ണയുടെ സംസ്ഥാനവിഹിതം വെട്ടിക്കുറച്ചെങ്കിലും മത്സ്യബന്ധന മേഖലയ്ക്കായി ഇതിൽ നിന്നും നല്കിവന്നിരുന്ന വിഹിതമായ 2525 കിലോലിറ്ററിൽ കുറവു വരുത്തിയിട്ടില്ല. |
| (ബി) വെട്ടിക്കുറച്ച സബ്സിഡി മണ്ണെണ്ണ വിഹിതം തിരിച്ചു ലഭിക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ; | (ബി) വെട്ടിക്കുറച്ച സബ്സിഡി മണ്ണെണ്ണ വിഹിതം തിരിച്ചു ലഭിക്കാനായി കേന്ദ്രത്തോട് പലപ്രാവശ്യം ആവശ്യപ്പെട്ടിരുന്നുവെങ്കിലും കേന്ദ്രത്തിൽ നിന്ന് അനുകൂല നടപടി ഉണ്ടായിട്ടില്ല. എൽ.പി.ജി. കണക്ഷനുകളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഒരേ ആവശ്യത്തിനായി രണ്ടുതരത്തിലുള്ള സബ്സിഡി നല്കാൻ കഴിയില്ല എന്നാണ് കേന്ദ്ര സർക്കാരിന്റെ നിലപാട്. കൂടാതെ നിലവിൽ മത്സ്യമേഖലയിൽ അനുവദിച്ചു നല്കുന്ന മണ്ണെണ്ണ അപര്യാപ്തമായതിനാൽ മത്സ്യമേഖയ്ക്ക് പ്രത്യേകം ക്വാട്ട അനുവദിച്ചുനല്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ബഹു. പ്രധാന മന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. എം.പി.മാരുടെ കോൺഫറൻസിലും മണ്ണെണ്ണ ക്വാട്ട വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |

(സി) വിപണി വിലയ്ക്ക് മണ്ണെണ്ണ വാങ്ങി കടലിൽ പോയി മത്സ്യബന്ധനം നടത്താൻ കഴിയാത്ത സാഹചര്യത്തിൽ തീരദേശത്തെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം ഉപേക്ഷിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി മത്സ്യബന്ധനത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്ന പദ്ധതിക്കായി 2014-15 വർഷത്തെ ബഡ്ജറ്റിൽ 100 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനു വേണ്ട മണ്ണെണ്ണ ക്വാട്ട അനുവദിക്കുന്നതിനായി കേന്ദ്ര പെട്രോളിയം വകുപ്പുമായി ബന്ധപ്പെടുകയും ആയതിന്റെ ഫലമായി 26000 കി.ലിറ്റർ മണ്ണെണ്ണ അനുവദിക്കുകയുമുണ്ടായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ